പ്രവർത്തനത്തിന്റെ ഭാഗമായി മേൽക്കുര വഴിയുള്ള മഴവെള്ള സംഭരണം (കിണറുകളിലേക്ക്), തടയണകൾ, ഭൂഗർഭ തടയണകൾ, മഴക്കുഴികൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും കേരള വാട്ടർ അതോറിറ്റി കുടിവെള്ള സ്രോതസ്സുകൾ വിപുലീകരിച്ചും, താത്കാലിക തടയണകളോ സ്ഥിരം തടയണകളോ നിർമ്മിച്ചും പൈപ്പ് പൈനുകളിലെ വാൽവുകൾ ക്രമീകരിച്ചും മുൻകരുതലുകൾ സ്വീകരിക്കാറുണ്ട്. കൂടാതെ പൈപ്പ് പൈനുകളിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി ലീക്കേജുകൾ പരിഹരിച്ച് ജലനഷ്ടം ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കാൻ ശ്രമിക്കാറുണ്ട്.

കീടനാശിനി പ്രയോഗം

17 (*227) ശ്രീ. വി. ശശി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം ഉൾപ്പടെയുള്ള മേഖലകളിലെ വ്യാപകമായ കീടനാശിനി പ്രയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കീടനാശിനി പ്രയോഗം കൂടുതലുള്ള മേഖലകളിൽ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിൽ രോഗങ്ങൾ വ്യാപകമാകുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഇത്തരം പ്രദേശങ്ങളിൽ സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിനുള്ള ബോധവത്ക്കരണവും മറ്റു നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് കൃഷി വകുപ്പ് പ്രത്യേകമായി പഠനം നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യവകുപ്പ് പഠനം നടത്തിയിട്ടുണ്ട്. രോഗങ്ങൾ കീടനാശിനി മൂലമാണെന്ന് ടി പഠനത്തിൽ സ്ഥിരീകരിച്ചിട്ടില്ല.

(സി) കാസർഗോഡ്, പാലക്കാട് ജില്ലകളിൽ പഠനങ്ങൾ നടത്തിയ ആരോഗ്യവകുപ്പ് കീടനാശിനിയുടെ പ്രയോഗം കുറയ്ക്കുന്നതിനായി ബോധവത്ക്കരണ ക്യാമ്പുകൾ നടത്തുന്നുണ്ട്.

ലബോറട്ടറി സംവിധാനം

18 (*228) ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ സ്കാനിംഗ് ഉൾപ്പെടെ സൗജന്യ ലബോറട്ടറി സംവിധാനം ഒരുക്കുമെന്ന പ്രഖ്യാപനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ;

(ബി) സ്വകാര്യലാബുകളുടെ താല്പര്യാനുസൃതമാണ് പി.എച്ച്.സി.കൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ലബോറട്ടറി സംവിധാനം ഒരുക്കാത്തതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; പാവപ്പെട്ട രോഗികളെ സ്വകാര്യ ലാബുകൾ ചൂഷണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ആരോഗ്യവകുപ്പിനു കീഴിലുള്ള സർക്കാർ ആശുപത്രിയിൽ ലബോറട്ടറി സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. ലബോറട്ടറി സംവിധാനം നിലവിലില്ലാത്ത സി.എച്ച്.സി., പി.എച്ച്.സി എന്നിവിടങ്ങളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. വഴി തുടങ്ങിയിട്ടുണ്ട്. ലബോറട്ടറി സംവിധാനം നിലവിലില്ലാത്ത ആശുപത്രികളിൽ മാനേജ്മെന്റ് വഴിയും ഇത്തരം സംവിധാനം നടത്തിവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള സ്റ്റേറ്റ് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് വഴിയും ആശുപത്രികളിൽ എത്തുന്ന രോഗികൾക്കുവേണ്ടിയും ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. അൾട്രാ സൗണ്ട് സ്കാനിംഗ്, സി.റ്റി.

LIBRARY ARCHIVES Kerala Legislative Assembly